ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 08.11.2026 | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. രാജ്യമെമ്പാടും ദീപാവലി ആഘോഷത്തിൽ; ആശംസകൾ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ; ആഘോഷങ്ങളിൽ പങ്കുചേർന്ന് ലോക നേതാക്കളും.

   Diwali being celebrated across the country; President, Prime Minister and other prominent leaders extend greetings; world leaders also join the celebrations.

2. രാജ്യത്തെ ധീര സൈനികർക്കൊപ്പം പ്രധാനമന്ത്രി നരേന്ദ്രമോദിയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും ഇന്ന് ദീപാവലി ആഘോഷിക്കും.

   Prime Minister Narendra Modi and Defence Minister Rajnath Singh to celebrate Diwali today with the brave soldiers of the country.

3. രാജ്യത്ത് അർബുദ ചികിത്സയ്ക്കുള്ള മരുന്നുകളുടെ വില കുറയും; 137 മരുന്നുകളുടെ പുതുക്കിയ വില നാളെ മുതൽ പ്രാബല്യത്തിൽ.

   Prices of cancer medicines to come down across the country; revised prices of 137 medicines to come into effect from tomorrow.

4. കേരളത്തിൽ ഷിഗല്ല രോഗബാധ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി ആരോഗ്യവകുപ്പ്.

   Kerala Health Department steps up preventive measures amid reports of Shigella infections in the state.

5. കേരളത്തിൽ ബുധനാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

IMD forecasts thunderstorms and strong winds in Kerala till Wednesday; Yellow alert issued for Kottayam and Idukki districts today.

6. അണ്ടർ 19 ഏഷ്യ കപ്പ് ഗ്രൂപ്പ് എ മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

India to take on Pakistan today in the Under-19 Asia Cup Group A match.

****

DIWALI WISHES (INTRO)

രാജ്യമെമ്പാടും ദീപാവലി ആഘോഷത്തിൽ. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ ദീപാവലി ആശംസകൾ നേർന്നു. തിന്മയ്ക്കുമേൽ നന്മയുടെ വിജയമാണ് ദീപാവലി അടയാളപ്പെടുത്തുന്നതെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. പരിസ്ഥിതി സംരക്ഷിച്ചും ഐക്യത്തോടെ ജീവിച്ചും വികസിത ഭാരതനിർമാണത്തിൽ യുവാക്കൾ പങ്കാളികളാകണമെന്നും രാഷ്ട്രപതി ആഹ്വാനം ചെയ്തു. ഇരുട്ടിനെ അതിജീവിക്കാനുള്ള നിശ്ചയദാർഢ്യമാണ് ദീപങ്ങളുടെ ഉത്സവം പ്രതിഫലിപ്പിക്കുന്നതെന്ന് സാമൂഹിക മാധ്യമത്തിൽ പങ്കുവെച്ച സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. മുൻവർഷങ്ങളിലേതുപോലെ ഇത്തവണയും രാജ്യത്തിന്റെ ധീരസൈനികർക്കൊപ്പം ദീപാവലി ആഘോഷിക്കുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

(ഹോൾഡ് വോയിസ്)

****

AYODHAYA-DEEPOTSAV

അയോധ്യയിൽ പത്താമത് ദീപോത്സവ് ആഘോഷങ്ങളിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പങ്കെടുത്തു. സരയൂ നദിയുടെ 56 ഘട്ടുകളിലായി 30 ലക്ഷത്തിലേറെ മൺചെരാതുകൾ തെളിയിച്ചു. ഗവർണർ ആനന്ദിബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എന്നിവരും ആയിരക്കണക്കിന് വിശ്വാസികളും ചടങ്ങിൽ പങ്കെടുത്തു.

****

RAJNATH SINGH - SIKKIM

ഇന്ത്യ-ചൈന അതിർത്തിയിൽ വിന്യസിച്ചിരിക്കുന്ന സൈനികർക്കൊപ്പം ദീപാവലി ആഘോഷിക്കുന്നതിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് രാവിലെ സിക്കിം സന്ദർശിക്കും. നാഥുലയ്ക്ക് സമീപമുള്ള ഷെറത്താങ് യുദ്ധസ്മാരകത്തിൽ അദ്ദേഹം പുഷ്പാർച്ചന നടത്തി ധീരസൈനികർക്ക് ആദരമർപ്പിക്കും. മേഖലയിൽ വിന്യസിച്ചിരിക്കുന്ന സൈനികരുമായി അദ്ദേഹം സംവദിക്കും

****

CM - DIWALI

ദീപാലങ്കാരങ്ങളുടെയും സന്തോഷം പങ്കുവെക്കുന്നതിന്റെയും മാധുര്യമാണ് ദീപാവലിയെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വെളിച്ചം പരത്തുന്നതാകണം ഈ വർഷത്തെ ദീപാവലി ആഘോഷമെന്ന് അദ്ദേഹം ആശംസാസന്ദേശത്തിൽ പറഞ്ഞു.

****

WORLD LEADERS - DIWALI WISHES

ദീപാവലി ആഘോഷങ്ങളോടനുബന്ധിച്ച് ലോകനേതാക്കളും നയതന്ത്ര പ്രതിനിധികളും ആശംസകൾ നേർന്നു. യു.എ.ഇ

വൈസ് പ്രസിഡന്റും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം, ദീപാവലി സമാധാനവും സന്തോഷവും സമൃദ്ധിയും കൊണ്ടുവരട്ടെയെന്ന് ആശംസിച്ചു. ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ, നോർവേ, ജർമനി, ഡെൻമാർക്ക്, ദക്ഷിണ കൊറിയ, ജപ്പാൻ എന്നീ രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളും ദീപാവലി ആഘോഷങ്ങളിൽ പങ്കുചേർന്നു. അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് വൈറ്റ് ഹൗസിൽ ദീപം തെളിയിക്കൽ ചടങ്ങിൽ പങ്കെടുത്തു.

****

SHAH-SECURITY REVIEW

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ അഹമ്മദാബാദിൽ ഉന്നതതല സുരക്ഷാ അവലോകന യോഗം ചേർന്നു. അതിർത്തി, തീരദേശ സുരക്ഷ, ലഹരിമരുന്ന് നിയന്ത്രണം, സൈബർ കുറ്റകൃത്യങ്ങൾ, ദുരന്തനിവാരണം തുടങ്ങിയ വിഷയങ്ങൾ യോഗം വിലയിരുത്തി. പൗരത്വ ഭേദഗതി നിയമം, വരാനിരിക്കുന്ന സെൻസസ്, അഗ്നിവീർ പദ്ധതി എന്നിവയും ചർച്ചയായി. 2029-ഓടെ ലഹരിമുക്ത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ ഉദ്യോഗസ്ഥർ ഊർജിതമായി പ്രവർത്തിക്കണമെന്ന് ശ്രീ ഷാ നിർദേശിച്ചു.

****

EVE VAISHNAW-RAILWAYS PREPAREDNESS

ഉത്സവ സീസണോടനുബന്ധിച്ച് ന്യൂ ഡൽഹിയിലെ റെയിൽ ഭവനിലെ വാർ റൂമിന്റെ പ്രവർത്തനം കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ഇന്നലെ വിലയിരുത്തി. റെയിൽവേ സ്റ്റേഷനുകളിൽ നിന്നുള്ള തത്സമയ ദൃശ്യങ്ങളും, സ്റ്റേഷൻ പരിസരങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള തത്സമയ ദൃശ്യങ്ങളും വാർ റൂമിൽ ലഭ്യമാകും. പ്രവർത്തന ക്ഷമതയിലും യാത്രക്കാരുടെ തിരക്ക്

നിയന്ത്രിക്കുന്നതിലും സാങ്കേതിക വിദ്യയുടെ ഉപയോഗം ശ്രീ അശ്വിനി വൈഷ്ണവ് അവലോകന യോഗത്തിൽ എടുത്ത് പറഞ്ഞു.

****

CANCER MED REVISED RATE

രാജ്യത്ത് അർബുദ ചികിത്സയ്ക്കുള്ള 137 മരുന്നുകളുടെ പുതുക്കിയ വില നാളെ മുതൽ പ്രാബല്യത്തിൽ. മരുന്നുകളുടെ പരമാവധി ചില്ലറ വിൽപ്പന വിലയുടെ വ്യാപാര ലാഭവിഹിതത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയതോടെയാണ് വില കുറയുന്നത്. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി, ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസസ് എന്നിവ ചേർന്ന് രൂപീകരിച്ച വിദഗ്ധ സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് നടപടി. വിലക്കുറവിലൂടെ ഉപഭോക്താക്കൾക്ക് പ്രതിവർഷം 3,502 കോടി രൂപയിലേറെ ലാഭിക്കാനാകുമെന്നാണ് കണക്കുകൂട്ടൽ.

****

SMA MEDICINE KERALAM

എസ്.എം.എ ബാധിതർക്കുള്ള റിസ്ഡി പ്ലാം സൗജന്യമരുന്ന് എല്ലാ ജില്ലകളിലെയും മെഡിക്കൽ കോളേജുകൾ വഴി ലഭ്യമാക്കുമെന്ന് കേരളസർക്കാർ. ഇതിനുള്ള നടപടികൾ ഏകോപിപ്പിക്കാൻ ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി മന്ത്രി കെ.മുരളീധരൻ അറിയിച്ചു.

****

SHIGALLA-KERALAM

സംസ്ഥാനത്ത് ഷിഗെല്ല സ്ഥിരീകരിച്ചതോടെ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി ആരോഗ്യവകുപ്പ്. തിരുവനന്തപുരത്തും തൃശൂരിലും ഓരോന്ന് വീതവും മലപ്പുറത്തും

കോഴിക്കോടും മൂന്ന് പേർക്ക് വീതവും രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഇതു വരെ എട്ടു പേർക്കാണ് ഷിഗെല്ല സ്ഥിരീകരിച്ചത്.

****

KUFOS (INTRO)

അന്താരാഷ്ട്ര അക്കാദമിക സഹകരണം, ഗവേഷണ പങ്കാളിത്തം, വിജ്ഞാന കൈമാറ്റം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സമുദ്രപഠന സർവകലാശാലയും അമേരിക്കയിലെ വിർജീനിയയിലെ നോർഫോക്കിലുള്ള ഓൾഡ് ഡൊമിനിയൻ സർവകലാശാലയും ധാരണാപത്രം ഒപ്പുവെച്ചു.

വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ...

(വോയിസ്)

****

KALPATHY RATHOLSAVAM

കൽപ്പാത്തി രാഥോത്സവത്തിന് ഇന്ന് കൊടിയേറും. ഉത്സവം നടക്കുന്ന നാല് ക്ഷേത്രങ്ങളിലും രാവിലെ 9.30 നും 11.45 നും ഇടയ്ക്കാണ് കൊടിയേറ്റം നടക്കുക. 14 ന് രഥ പ്രയാണം ആരംഭിക്കും. 16 നാണ് ദേവരഥ സംഗമം.

****

RAIN- KERALAM

കേരളത്തിൽ ബുധനാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളത്തിന് പുറമെ മാഹി, തമിഴ്നാട്, പുതുച്ചേരി,

എന്നിവിടങ്ങളിലും ശക്തമായ മഴക്കും കാറ്റിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

****

MUHURAT TRADING

ദീപാവലിയോടനുബന്ധിച്ച് രാജ്യത്തെ ഓഹരി വിപണികളിൽ ഇന്ന് മുഹൂർത്ത വ്യാപാരം നടക്കും. ഉച്ചയ്ക്ക് 2.20 മുതൽ 3.30 വരെയാണ് വ്യാപാരം. ദീപാവലി ദിനത്തിൽ ആരംഭിക്കുന്ന വിക്രം സംവത് 2083-ന് തുടക്കം കുറിക്കുന്നതും ഈ പ്രത്യേക വ്യാപാര സെഷനോടെയാണ്.

****

U19 ASIA CUP

അണ്ടർ 19 ഏഷ്യ കപ്പ് ഗ്രൂപ്പ് എ മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. രാവിലെ 10.30 നാണ് മത്സരം. മറ്റൊരു ഗ്രൂപ്പ് ഘട്ട മത്സരത്തിൽ നേപ്പാൾ ഇന്ന് UAE യുമായി ഏറ്റുമുട്ടും.

****

SUPER LEAGUE KERALA

സൂപ്പർ ലീഗ് കേരളയിൽ മലപ്പുറം എഫ്സിക്ക് മൂന്നാം ജയം. പയ്യനാട് സ്റ്റേഡിയത്തിൽ നടന്ന പോരാട്ടത്തിൽ ഫോഴ്സ കൊച്ചി എഫ്സിയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്കാണ് മലപ്പുറം കീഴടക്കിയത്.

****

MORN. BENGAL-ISKCON

പശ്ചിമ ബംഗാളിലെ സർക്കാർ - സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്നതിനായി ഇന്റർനാഷണൽ

സൊസൈറ്റി ഫോർ കൃഷ്ണ കോൺഷ്യസ്നസ് സംഘടനയെ ചുമതലപ്പെടുത്തി വിദ്യാഭ്യാസ വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതുവരെ, കൊൽക്കത്ത മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിലുള്ള സ്കൂളുകളിൽ മാത്രമായിരുന്നു ഇസ്കോൺ ഉച്ചഭക്ഷണം നൽകിയിരുന്നത്.

****

FSSAI-RAIDS

ഉത്സവ സീസണോടനുബന്ധിച്ച് രാജ്യവ്യാപകമായി നടത്തിയ പരിശോധനകളിൽ, നിരോധിക്കപ്പെട്ടതും മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ ഏകദേശം 3,280 ടൺ ഭക്ഷ്യ ഉൽപ്പന്നങ്ങൾ 'ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ' പിടിച്ചെടുത്തു. പനീർ, നെയ്യ്, പാൽ, പലഹാരങ്ങൾ എന്നിവയുൾപ്പെടെ ഏകദേശം 82 കോടി രൂപ വിലമതിക്കുന്ന ഉൽപ്പന്നങ്ങളാണ് പിടിച്ചെടുത്തത്.

****

MEA - FACT CHECK

അമേരിക്കയിലെ ഇന്ത്യൻ എംബസി ലോബിയിംഗ് സ്ഥാപനങ്ങളെ നിയമിച്ചതുമായി ബന്ധപ്പെട്ട് സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന ലേഖനം തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് വിദേശകാര്യ മന്ത്രാലയം. അമേരിക്കയിൽ എംബസികളിൽ ഉൾപ്പടെ ലോബിയിംഗ് സ്ഥാപനങ്ങളുടെ സേവനം തേടുന്നത് സാധാരണ നടപടിയാണെന്നും 1948 മുതൽ വാഷിംഗ്ടൺ ഡി.സി.യിലെ ഇന്ത്യൻ എംബസി ഇത്തരം സ്ഥാപനങ്ങളെ നിയമിക്കുന്നുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

****

US-ATTACK VESSEL

ഒമാൻ ഉൾക്കടലിൽ ഉപരോധം ലംഘിക്കാൻ ശ്രമിച്ച വാണിജ്യ കപ്പലിനു നേരെ യുഎസ് സൈന്യം വെടിയുതിർത്തതായി റിപ്പോർട്ട്. ആവർത്തിച്ചുള്ള മുന്നറിയിപ്പുകൾ അവഗണിച്ച് പ്രദേശം വിട്ടുപോകാൻ ശ്രമിച്ച, സെന്റ് കിറ്റ്സ് പതാകയേന്തിയ കപ്പലിനെ പ്രവർത്തനരഹിതമാക്കിയെന്ന് യുഎസ് സൈന്യത്തിന്റെ സെൻട്രൽ കമാൻഡ് വ്യക്തമാക്കി.

*

****

****